"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി) - ഔഷധി ജീവനക്കാർക്ക് 2017-18 വർഷത്തെ ബോണസ്/എക്സ് ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.16/2021/AYUSH    തീയതി,തിരുവനന്തപുരം, 18/08/2021

---

പരാമർശം:- 1. 10.08.2018-ലെ ജി.ഒ.(പി)68/2018/തൊഴിൽ

2. ഔഷധി മാനേജിംഗ് ഡയറക്ടറുടെ 20.11.2018-ലെ ഇ1-37/18 നം. കത്ത്

**<u>ഉത്തരവ്</u>**

എല്ലാ വർഷവും ഓണത്തിനോടനുബന്ധിച്ച് ഔഷധി ജീവനക്കാർക്ക് ബോണസ്/ എക്സ്ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാറുണ്ട്. 2017-18 വർഷം ബോണസ് പരിധിക്ക് പുറത്തുള്ളവർക്ക് എക്സ്ഗ്രേഷ്യ/സ്പെഷ്യൽ പേ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനം എടുക്കുന്നതിനായി ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടേയും, ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ഔഷധി മാനേജ്മെന്റ് പ്രതിനിധികളുടേയും ഔഷധി ജീവനക്കാരുടെ സംഘടനാപ്രതിനിധികളുടേയും ചർച്ച 17.08.2018 ന് നടത്തുവാൻ നിശ്ചയിച്ചിരുന്നു. എന്നാൽ അവിചാരിതമായുണ്ടായ മഴയും വെള്ളപ്പൊക്കവും മൂലം പൊതുഗതാഗതം സംസ്ഥാനത്ത് താറുമാറായതിനാൽ ആ യോഗം നടന്നില്ല. ഔഷധിയിലെ ബോണസ് പരിധിക്ക് പുറത്തുള്ള ജീവനക്കാർക്ക് (സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ)എക്സ്ഗ്രേഷ്യ തുകയായ 15000 രൂപ നൽകിയ നടപടിയും അപ്രന്റീസുകൾക്ക് 7500 രൂപയും കുടുംബശ്രീ ജീവനക്കാർ, തോട്ടം തൊഴിലാളികൾ എന്നിവർക്ക് 4000 രൂപയും സ്പെഷ്യൽ പേ അനുവദിച്ച നടപടിയും സാധൂകരിച്ച് നൽകണമെന്ന് പരാമർശം 2-പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2) 2017-18 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങൾ സംബന്ധിച്ച് 17.08.2018 ന് നടത്താനിരുന്ന ത്രികക്ഷി ചർച്ച, സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ പ്രളയത്തെത്തുടർന്ന് നടക്കാത്ത സാഹചര്യത്തിൽ തൊട്ടുമുൻപത്തെ വർഷം (2016-17) അനുവദിച്ച അതേ നിരക്കിൽ ബോണസ് അനുവദിക്കാനും, എക്സ്ഗ്രേഷ്യ, ഉൾപ്പെടെ മറ്റ് അലവൻസുകൾ പിന്നീട് ചർച്ചചെയ്ത് തീരുമാനിക്കാമെന്നുമാണ് നിർദ്ദേശം ലഭിച്ചിരുന്നതെന്നും കൂടാതെ തൊഴിലാളി യൂണിയനുകളുടെ സമ്മർദ്ദത്തെത്തുടർന്ന് ബോണസ്സിന് പുറമെയുള്ള ആനുകൂല്യങ്ങളായ എക്സ്ഗ്രേഷ്യ, സ്പെഷ്യൽപേ തുടങ്ങിയവ സർക്കാർ അനുമതി ലഭിച്ചില്ലെങ്കിൽ തിരിച്ചുപിടിക്കാൻ സമ്മതമാണെന്ന് അറിയിക്കുന്ന സമ്മതപത്രം വാങ്ങി വിതരണം ചെയ്യുകയുമാണുണ്ടായതെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം വിതരണം ചെയ്ത തുക തൊട്ടുമുൻപത്തെ വർഷം നൽകിയ തുകയ്ക്ക് തുല്യമാണെന്ന് പ്രസ്തുത നടപടി 17.10.2018 ലെ ഭരണസമിതിയോഗം അംഗീകാരം നൽകിയിട്ടുള്ളതാണെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാവിയിൽ ബോണസ്/ എക്സ്ഗ്രേഷ്യ മുതലായവ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചായിരിക്കണം അനുവദിക്കേണ്ടത് എന്ന

നിബന്ധനയോടെ ഔഷധി ജീവനക്കാർക്ക് 2017-18 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ഔഷധി, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
പ്ലാനിംഗ് (ബി.പി.ഇ) വകുപ്പ് (26.12.2018-ലെ PLGEA-BPE2/177/2018-PLGEA നം. അനൗ. കുറിപ്പ്)
ധനകാര്യ (പി.യു.ബി) വകുപ്പ് (26.4.2019-ലെ പി.യു.ബി2/15/2019/ധന നം. അനൗ.കുറിപ്പ്)
തൊഴിൽ വകുപ്പ്(ഡി1/125/2019/തൊഴിൽ നം. അനൗ. കുറിപ്പ്)
പൊതുഭരണ (എസ്.സി) വകുപ്പ് (17-08-2021 ലെ ഇനം.നം.197 പ്രകാരം)
ഡയറക്ടർ, വെബ് & മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്ഃ ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.ന്
ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-08-2021

ഫയൽ നം. എ2/424/2018/ആയുഷ്. ഇനം നം: 197

വിഷയം : ആയുഷ് വകുപ്പ് - ഔഷധി ജീവനക്കാരുടെ 2017-18 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ അനുവദിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : ഭാവിയിൽ ബോണസ്/എക്സ്ഗ്രേഷ്യ മുതലായവ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചായിരിക്കണം അനുവദിക്കേണ്ടത് എന്ന നിബന്ധനയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് വകുപ്പ്.

18/8/21

AS (Ayush)

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/424/2018/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഔഷധി ജീവനക്കാരുടെ 2017-18 വർഷത്തെ ബോണസ് /എക്സ്ഗ്രേഷ്യ അനുവദിച്ച നടപടി സാധൂകരിക്കുന്നത്-സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 03.08.2021 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | പ്ലാനിംഗ് (ബി.പി.ഇ)വകുപ്പ്, തൊഴിൽ വകുപ്പ്<br>ഉണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ വി. |
| 8. കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ഡോ. ഷർമിള മേരി ജോസഫ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.08.2021 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.08.2021 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.08.2021 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16.08.2021 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2017- 2018 വർഷത്തിൽ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡിലെ (ഔഷധി) ജീവനക്കാർക്ക് ബോണസ്/എക്സ്ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നല്കിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചാണ് കുറിപ്പിലെ വിഷയം.

2) എല്ലാ വർഷവും ഓണത്തിനോടനുബന്ധിച്ച് ഔഷധി ജീവനക്കാർക്ക് ബോണസ്/എക്സ്ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാറുണ്ട്. 2017-18 വർഷം ബോണസ് പരിധിക്ക് പുറത്തുള്ളവർക്ക് എക്സ്ഗ്രേഷ്യ/സ്പെഷ്യൽ പേ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനം എടുക്കുന്നതിനായി ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടേയും, ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ഔഷധി മാനേജ്മെന്റ് പ്രതിനിധികളുടേയും ഔഷധി ജീവനക്കാരുടെ സംഘടനാപ്രതിനിധികളുടേയും ചർച്ച 17.08.2018 ന് നടത്തുവാൻ നിശ്ചയിച്ചിരുന്നു. എന്നാൽ അവിചാരിതമായുണ്ടായ മഴയും വെള്ളപ്പൊക്കവും മൂലം പൊതുഗതാഗതം സംസ്ഥാനത്ത് താറുമാറായതിനാൽ ആ യോഗം നടന്നില്ല. ഔഷധിയിലെ ബോണസ് പരിധിക്ക് പുറത്തുള്ള ജീവനക്കാർക്ക് (സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ) എക്സ്ഗ്രേഷ്യ തുകയായ 15000 രൂപ നൽകിയ നടപടിയും അപ്രന്റീസുകൾക്ക് 750 രൂപയും കുടുംബശ്രീ ജീവനക്കാർ, തോട്ടം തൊഴിലാളികൾ എന്നിവർക്ക് 4000 രൂപയും സ്പെഷ്യൽ പേ അനുവദിച്ച നടപടിയും സാധൂകരിച്ച് നൽകുന്നത് സംബന്ധിച്ച പ്ലാനിംഗ് വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" 2017-18 സാമ്പത്തിക വർഷം ഔഷധിയുടെ വിറ്റു വരവ് Rs. 140,64,96,423/- രൂപയും അറ്റാദായം Rs. 15,76,68,684/-രൂപയും സർക്കാരിലേയ്ക്കു നല്കാനുദ്ദേശിക്കുന്ന ലാഭ വിഹിതം Rs 25,00,000/- രൂപയുമാണ്. കഴിഞ്ഞ വർഷം എക്സ്ഗ്രേഷ്യ തുകയായി നൽകിയ അതേ തുക തന്നെയാണ് ഈ വർഷവും നല്കിയിരിക്കുന്നതെന്നും കമ്പനി വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഔഷധിയിലെ ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ/സ്പെഷ്യൽ പേ ആനുകൂല്യങ്ങൾ നൽകിയ കമ്പനിയുടെ നടപടി സാധൂകരിക്കണമെന്ന ആവശ്യത്തിൻമേൽ തൊഴിൽ വകുപ്പിന്റെയും ധനവകുപ്പിന്റെയും അഭിപ്രായം ആരായാൻ ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

3) ആയതിന്റെ അടിസ്ഥാനത്തിൽ ധനവകുപ്പിന് നൽകിയപ്പോൾ ചുവടെ പറയും അഭിപ്രായം രേഖപ്പെടുത്തിയിരുന്നു.

ഭരണ വകുപ്പ് ഫയൽ പരിശോധിച്ചതിൽ നിന്നും തൊഴിൽ വകുപ്പ് പുറപ്പെടുവിച്ച 10.08.2013 ലെ സ.ഉ(അച്ചടി) നം.68/2018/തൊഴിൽ പ്രകാരമുള്ള ബോണസ് ഗൈഡ് ലൈൻസിലെ മാർഗ്ഗ നിർദ്ദേശങ്ങൾ ഖണ്ഡിക നം.8, 9, 10, 14 എന്നിവ പാലിച്ചതായി കാണുന്നില്ല. ആയതിനാൽ മേൽ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവ് അനുവദിക്കണമെങ്കിൽ ആയത് തൊഴിൽ വകുപ്പ് ആണ് അനുവദിക്കേണ്ടത്. ആയതിനാൽ തൊഴിൽ വകുപ്പിനോട് ടി ആവശ്യം ഉന്നയിക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു .

4) തൊഴിൽ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"തൊഴിൽ വകുപ്പ് പുറപ്പെടുവിച്ച ബോണസ് ഗൈഡ്‌ലൈൻസിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇളവ് അനുവദിക്കാൻ വകുപ്പിന് കഴിയില്ല എന്നും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ്‌ലൈൻസിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ബോണസും മറ്റ് ആനുകൂല്യങ്ങളും നൽകിയതെങ്കിൽ പ്രസ്തുത നടപടിയോട് വകുപ്പ് യോജിക്കുന്നില്ല എന്നും ആയുഷ് വകുപ്പിനെ അറിയിക്കാവുന്നതാണ്".

5) 2017-18 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങൾ സംബന്ധിച്ച് 17.08.2018 ന് നടത്താനിരുന്ന ത്രികക്ഷി ചർച്ച സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ പ്രളയത്തെത്തുടർന്ന് നടക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ തൊട്ടുമുൻപത്തെ വർഷം (2016-17) അനുവദിച്ച അതേ നിരക്കിൽ ബോണസ് അനുവദിക്കാനും, എക്സ്ഗ്രേഷ്യ, ഉൾപ്പെടെ മറ്റ് അലവൻസുകൾ പിന്നീട് ചർച്ചചെയ്ത് തീരുമാനിക്കാമെന്നുമാണ് നിർദ്ദേശം ലഭിച്ചിരുന്നതെന്നും കൂടാതെ തൊഴിലാളി യൂണിയനുകളുടെ സമ്മർദ്ദത്തെത്തുടർന്ന് ബോണസ്സിന് പുറമെയുള്ള ആനുകൂല്യങ്ങളായ എക്സ്ഗ്രേഷ്യ സ്പെഷ്യൽപേ തുടങ്ങിയവ സർക്കാർ അനുമതി ലഭിച്ചില്ലെങ്കിൽ തിരിച്ചുപിടിക്കാൻ സമ്മതമാണെന്ന് അറിയിക്കുന്ന സമ്മതപത്രം വാങ്ങി വിതരണം ചെയ്യുകയുമാണുണ്ടായതെന്നും ഔഷധി എം.ഡി.റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം വിതരണം ചെയ്ത തുക തൊട്ടുമുൻപത്തെ വർഷം നൽകിയ തുകയ്ക്ക് തുല്യമാണെന്ന് പ്രസ്തുത നടപടി 17.10.2018 ലെ ഭരണസമിതിയോഗം അംഗീകാരം നൽകിയിട്ടുള്ളതാണെന്നും ഔഷധി എം.ഡി.റിപ്പോർട്ട് ചെയ്തിരുന്നു.

6) 2017-2018 വർഷത്തിൽ ഔഷധിയിലെ ജീവനക്കാർക്ക് നൽകിയ ബോണസ്/എക്സ് ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നല്കിയ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് നല്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയക്ക് സമർപ്പിക്കാമോ എന്നതു സംബന്ധിച്ച് ഫയൽ സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

2017-2018 വർഷത്തിൽ ഔഷധിയിലെ ജീവനക്കാർക്ക് ബോണസ്/എക്സ് ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നല്കിയ ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?